## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1866      14.08.2017 - ൽ മറുപടിയ്ക്ക്**

### പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നേത്ര രോഗത്തിന് ഒ.പി. സൗകര്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരത്തെ കണ്ണാശുപത്രിയിലെ രോഗികളുടെ വൻതിരക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതുമൂലം രോഗികൾക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ; | (ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു. |
| (സി) എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും നേത്രരോഗത്തിന് പ്രത്യേക ഒ.പി. സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | (സി) നേത്രരോഗം അടക്കമുള്ള എല്ലാ രോഗങ്ങളുടേയും പ്രാഥമികാരോഗ്യ പരിചരണം ഉദ്ദേശിച്ച് പ്രവർത്തിക്കുന്നവയാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ. നേത്രരോഗങ്ങളുടെ പ്രാഥമികാരോഗ്യ പരിചരണം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ വഴി ചെയ്തു വരുന്നുണ്ട്. സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലെ ഓപ്ടോമെടിസ്റ്റുകൾ വഴി കണ്ണുകളുടെ കാഴ്ച പരിശോധന മുതലായ കാര്യങ്ങളും ചെയ്യുന്നുണ്ട്. കണ്ണു ഡോക്ടറുടെ വിദഗ്ധ സേവനം ആവശ്യമുള്ള രോഗികളെ താലൂക്ക്തല ആശുപത്രികളിലേക്ക് റഫർ ചെയ്യുകയാണ് ചെയ്യുന്നത്. ഈ സൗകര്യങ്ങൾ തുടർന്നും ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.